**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2592** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഖാദി സ്ഥാപനങ്ങളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഖാദി ഉപഭോക്താക്കൾക്ക് ഖാദി ബോർഡ്, ഖാദിസ്ഥാപനങ്ങൾ എന്നിവ മുഖേന അനുവദിച്ചു നൽകാറുള്ള സർക്കാർ റിബേറ്റ് ഇനത്തിൽ ഖാദി സ്ഥാപനങ്ങൾക്ക് 50 കോടിയിലേറെ രൂപ സർക്കാരിൽ നിന്നും കുടിശികയായി ലഭിക്കാനുണ്ട് എന്നത് വസ്തുതയാണോ; അറിയിക്കുമോ; | (എ) | 50 കോടിയിലേറെ രൂപ റിബേറ്റ് കുടിശ്ശിക എന്നത് വസ്തുതയല്ല. സ.ഉ.(സാധാ) നം.879/2024/വ്യവ, സ.ഉ.(സാധാ) നം.1085/2024/വ്യവ, സ.ഉ.(സാധാ) നം.635/2024/വ്യവ, സ.ഉ.(സാധാ) നം.197/2025/ വ്യവ, എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 'ഖാദി തുണിത്തരങ്ങൾക്കുള്ള സ്പെഷ്യൽ റിബേറ്റ്' ഇനത്തിൽ 2024-25 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ പതിനഞ്ച് കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഖാദി ബോർഡിനും ഖാദിസ്ഥാപനങ്ങൾക്കുമായി 35 (മുപ്പത്തിയഞ്ച്) കോടി രൂപ കുടിശ്ശികയുണ്ട്. 2025-26ലേയ്ക്കുള്ള ബഡ്ജറ്റിൽ പതിനഞ്ച് കോടി രൂപ റിബേറ്റ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സാമ്പത്തിക പ്രതിസന്ധിമൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ഈ സ്ഥാപനങ്ങൾക്ക് കുടിശിക ഇനത്തിൽ നൽകാനുള്ള തുക എന്ന് നൽകാനാകുമെന്ന് അറിയിക്കുമോ; | (ബി) | 50 കോടിയിലേറെ രൂപ റിബേറ്റ് കുടിശ്ശിക എന്നത് വസ്തുതയല്ല.<br><br>സ.ഉ.(സാധാ) നം.879/2024/വ്യവ, സ.ഉ.(സാധാ) നം.1085/2024/വ്യവ, സ.ഉ.(സാധാ) നം.635/2024/ വ്യവ, സ.ഉ.(സാധാ) നം.197/2025/വ്യവ, എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 'ഖാദി തുണിത്തരങ്ങൾക്കുള്ള സ്പെഷ്യൽ റിബേറ്റ്' ഇനത്തിൽ 2024-25 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ പതിനഞ്ച് കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഖാദി ബോർഡിനും ഖാദിസ്ഥാപനങ്ങൾക്കുമായി 35 (മുപ്പത്തിയഞ്ച്) കോടി രൂപ കുടിശ്ശികയുണ്ട്. 2025-26ലേയ്ക്കുള്ള ബഡ്ജറ്റിൽ പതിനഞ്ച് കോടി രൂപ റിബേറ്റ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | കേരളത്തിലെ ഖാദി സ്ഥാപനങ്ങളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | സ.ഉ.(സാധാ) നം.879/2024/വ്യവ, സ.ഉ.(സാധാ) നം.1085/2024/വ്യവ, സ.ഉ.(സാധാ) നം.635/2024/ വ്യവ, സ.ഉ.(സാധാ) നം.197/2025/വ്യവ, എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 'ഖാദി |

| | | | |
|---|---|---|---|
| | | | തുണിത്തരങ്ങൾക്കുള്ള സ്പെഷ്യൽ റിബേറ്റ്' ഇനത്തിൽ 2024-25 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ പതിനഞ്ച് കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 'ഖാദി നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപാദന ഇൻസെന്റീവും ഉത്സവ ബത്തയും' എന്ന പദ്ധതിക്കായി നടപ്പു വർഷം ആകെ 316.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2025-26ലേയ്ക്കുള്ള ബഡ്ജറ്റിൽ പതിനഞ്ച് കോടി രൂപ റിബേറ്റ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ